4978
8/8/18

**കേരളസർക്കാർ**
**പൊതുഭരണ (ഏകോപനം) വകുപ്പ്**

സി.ഡി.എൻ.5/14/18/പൊഭവ                                          തിരുവനന്തപുരം, തീയതി: 21.02.2018

## പരിപത്രം

വിഷയം:- പൊതുഭരണ വകുപ്പ് -വിവരാവകാശ നിയമം, 2005 – സർക്കാർ ഉത്തരവുകളും മറ്റു സുപ്രധാന രേഖകളും കാലാനുസൃതമായി വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- മുഖ്യ വിവരാവകാശ കമ്മീഷണറുടെ 08.01.2018-ലെ കത്ത്.

. . . . .

സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഭേദഗതികൾ മുതലായ സുപ്രധാന രേഖകൾ വകുപ്പുകളുടേയും, സ്ഥാപനങ്ങളുടേയും വെബ്സൈറ്റിൽ കാലാനുസൃതമായി പ്രസിദ്ധീകരിക്കാതിരിക്കുന്നത് വിവരാന്വേഷികളായ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വിവരാവകാശ നിയമം 2005, വകുപ്പ്-4-ലെ വ്യവസ്ഥകൾ പ്രകാരം, ഓരോ വർഷവും വകുപ്പുതല വെബ്സൈറ്റ് കാലികമാക്കുന്നതിനും സ്ഥാപന സംബന്ധമായ വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുന്നതിനും പൊതു അധികാരികൾ മതിയായ താല്പര്യം കാട്ടുന്നില്ല. അതുപോലെതന്നെ, സുഗമമായ വീണ്ടെടുപ്പിനായി എല്ലാ രേഖകളും കൃത്യമായി പട്ടിക തയ്യാറാക്കി സൂചിക ചെയ്ത് സൂക്ഷിക്കുന്നതിന് എല്ലാ പൊതുഅധികാരികൾക്കുമുള്ള ഉത്തരവാദിത്തം പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. വിവരാവകാശ നിയമം നിലവിൽ വന്ന് 120 ദിവസത്തിനകം നിർബന്ധമായും പ്രസിദ്ധീകരിക്കണമെന്ന് അനുശാസിച്ചിട്ടുള്ളതും, വിവരാവകാശ നിയമത്തിലെ വകുപ്പ് 4(1) ബി (i) മുതൽ (xvii) വരെയുള്ള വകുപ്പുകൾ പ്രകാരമുള്ളതുമായ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ശ്രദ്ധേയമായ പുരോഗതി കൈവരിക്കാനും പൊതുഅധികാരികൾക്ക് പൂർണ്ണമായി കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ വിവരാവകാശ നിയമം, 2005-ന്റെ വകുപ്പ് 4(1) ബി (i) മുതൽ (xvii) വരെയുള്ള വ്യവസ്ഥകൾ അനുശാസിക്കുന്ന പ്രകാരം ഒരോ പൊതുഅധികാരിയും കാലികമായ വിവരങ്ങൾ ഉൾപ്പെടുത്തിയും, സ്ഥാപന സംബന്ധമായ വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തിയും തങ്ങളുടെ വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഈ പരിപത്രത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് എല്ലാ വകുപ്പു മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

**ബിശ്വനാഥ് സിൻഹ IAS**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:- സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും.
എല്ലാ ജില്ലാ കലക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ഡയറക്ടർ, കായിക, യുവജനക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം ( ആമുഖ കത്ത് സഹിതം )
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം )
ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം )
രജിസ്ട്രാർ, കേരള /കൊച്ചി/കോഴിക്കോട്/മഹാത്മാ ഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, ആലുവ.
രജിസ്ട്രാർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, തിരൂർ, മലപ്പുറം, 676502.
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്.
കേരള കാർഷിക സർവ്വകലാശാല ക്യാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ, 680656
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, മെഡിക്കൽ കോളേജ് പി.ഒ, തൃശ്ശൂർ, 680596.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി.
രജിസ്ട്രാർ, APJ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല. CET ക്യാമ്പസ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, വഞ്ചിയൂർ, തിരുവനന്തപുരം. ( ആമുഖ കത്ത് സഹിതം )
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
(മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരണം നൽകുന്നതിനായി)
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ